ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും

212(1280) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഏതൊക്കെ മേഖലകളെയാണ് ഇതിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 2011 ആഗസ്റ്റ് മാസം 10-ാം തീയതി മുതൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ ഭക്ഷ്യഉത്പാദന വിതരണ സംരംഭകരും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധ ചട്ടങ്ങളും അനുസരിച്ച് പരിധിയിൽ ഉൾപ്പെടുന്നു.

(സി) ഭക്ഷ്യഉത്പാദന വിതരണ സംരംഭകർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും എടുക്കുന്നതിന് Food Licensing and Registration System (FLRS) എന്ന ഓൺലൈൻ സംവിധാനം സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു. ഇത് സംബന്ധിച്ച് ഭക്ഷ്യഉത്പാദന വിതരണ സംരംഭകർ ഏറ്റവും അടുത്തുള്ള അക്ഷയകേന്ദ്രങ്ങൾ മുഖാന്തരം ലൈസൻസ്/രജിസ്ട്രേഷൻ നടപടികൾക്കായി അപേക്ഷിക്കാവുന്നതാണ്. 2006-ലെ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് ടി ലൈസൻസ് രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള കാലപരിധി നിശ്ചയിക്കുന്നത് ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയും കേന്ദ്ര സർക്കാരുമാണ്.

LIBRARY ARCHIVES Kerala Legislative Assembly